ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) രാജ്യം ഒട്ടാകെ പോലീസ് മർദ്ദനം നടക്കുന്നില്ല. ആവശ്യമുണ്ടെന്നു തോന്നിയിട്ടുള്ളപ്പോൾ വേണ്ടതായ നടപടി എടുത്തിട്ടുണ്ട്.

(ബി), (സി) ഈ സംഗതിയെപ്പറ്റി നിയമാനുസൃതമായ അന്വേഷണം നടക്കുകയും പോലീസ് ഇൻസ്പെക്ടരുടേയും ചില കോൺസ്റ്റബിളുമാരേയും പ്രതിയാക്കി കേസ് രജിസ്റ്റരാക്കുകയും ടി കേസ് ഇപ്പോൾ ആലുവാ ഫ–ാം ക്ലാസ് മജിസ്ട്രേട്ടകോടതിയിൽ വിചാരണയിൽ ഇരിക്കുകയുമാണ്. നിലവിലിരിക്കുന്ന ടി കേസ്സിന്റെ സാരാംശത്തെപ്പറ്റി കൂടുതലായി ഒന്നും പറയുവാൻ നിവൃത്തിയില്ല.

ഉദ്യോഗ വ്യവസ്ഥകൾ

*൩൭. (൨൨) ശ്രീ. ടി. എ. സന്നലൻ: താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

പിന്നോക്കസമുദായങ്ങൾക്ക് ഇന്നത്തേതിലും കൂടുതൽ ഉദ്യോഗങ്ങൾ ലഭ്യമാകേണ്ട തരത്തിൽ വല്ല വ്യവസ്ഥകളും ചെയ്യുവാൻ ആലോചനയുണ്ടോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

പിന്നോക്കസമുദായംഗങ്ങൾക്ക് അവരുടെ പരീക്ഷായോഗ്യതയനുസരിച്ചുള്ള ഉദ്യോഗലബ്ധിയിൽ വേണ്ടത്ര പ്രോത്സാഹനം നൽകണമെന്നാണ് ഗവൺമെണ്ടിന്റെ നിശ്ചയം. വ്യയസൂനികരണാർത്ഥം സർക്കാർ സർവ്വീസിൽനിന്നും പിരിച്ചുവിടേണ്ടിവരുന്ന പ്രസ്തുത സമുദായാംഗങ്ങളെ അതിൽനിന്നും ഒഴിവാക്കണമെന്നും ഗവൺമെണ്ടു തീർച്ചപ്പെടുത്തിട്ടുണ്ട്.

സ്റ്റേറ്റ്ഫോഴ്സ്

*൩൮. (൨൯) ശ്രീ. ടി. എം. സന്നലൻ: താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

സ്റ്റേറ്റഫോഴ്സിൽനിന്നും ആളുകളെ പിരിച്ചുവിടുവാൻ തീരുമാനിച്ചിട്ടുണ്ടോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

ഉണ്ട്.

പബ്ലിക്ക് സർവ്വീസ്

*൩൯. (൩൦) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ പിന്നോക്കവർഗ്ഗക്കാർക്ക് പബ്ലിക്ക് സർവ്വീസ് റിസർവ്വേഷൻ അനുവദിക്കുന്നതു സംബന്ധിച്ച്, ഇൻഡ്യാ ഗവൺമെണ്ടിൽനിന്നും എന്തെങ്കിലും നിർദ്ദേശങ്ങൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശങ്ങളുടെ സാരാംശം, എങ്ങിനെയാണ്.

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly